(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടന്നത് എന്നാണ്;

(ബി) തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിക്ക് ചാൻസ് കൊടുത്തിട്ടുണ്ടോ; എങ്കിൽ എപ്പോൾ;

(സി) തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തെത്തുടർന്ന് ചാർജ്ജ് എടുത്ത ഭരണ സമിതിക്കെതിരെ കോ-ഓപ്പറേറ്റീവ് ആർബിട്രേഷൻ കോടതി മുൻപാകെ ആരെങ്കിലും പരാതി സമർപ്പിക്കുകയുണ്ടായോ;

(ഡി) എങ്കിൽ ആ പരാതി ആരുടേതായിരുന്നു;

(ഇ) ആർബിട്രേഷൻ കോടതിയിൽ പരാതി ലഭിച്ച തീയതി എന്നായിരുന്നു;

(എഫ്) ആർബിട്രേഷൻ കോടതിയുടെ വിധിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയെ പിരിച്ചുവിടുകയുണ്ടായോ;

(ജി) വിധി എന്തായിരുന്നു എന്നും ഏത് തീയതിയിലായിരുന്നു വിധി പുറപ്പെടുവിച്ചതെന്നും വെളിപ്പെടുത്തുമോ;

(എച്ച്) ഭരണ സമിതിയെ പിരിച്ചുവിട്ട തീയതി എന്നായിരുന്നു;

(ഐ) ഹൈക്കോടതി വിധിപ്രകാരം പിരിച്ചുവിട്ട ഭരണ സമിതിക്ക് അധികാരം തിരിച്ച് നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 27-4-2003-ൽ.

(ബി) ഉണ്ട്. 25-7-2003-ന്.

(സി) ഉണ്ട്.

(ഡി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ചെയർമാൻ ശ്രീ. എം. കുഞ്ഞന്റെ.

(ഇ) 28-4-2003.

(എഫ്) ഇല്ല.

(ജി) 27-4-2003-ൽ നടന്ന തെരഞ്ഞെടുപ്പിനെത്തുടർന്ന് നടത്തിയ ഫലപ്രഖ്യാപനം അനുസരിച്ച് വിജയിച്ച സ്ഥാനാർത്ഥികൾ, ബാങ്ക് ഭരണസമിതി അംഗങ്ങളായി പ്രവർത്തിക്കുന്നത് തടഞ്ഞുകൊണ്ട് വിലക്ക് ഏർപ്പെടുത്തുകയും അധികാരം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ തിരികെ അഡ്മിനിസ്ട്രേറ്റർക്ക് ഭരണം ഏൽപ്പിക്കുവാൻ ആവശ്യമായ നടപടി പാലക്കാട് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൈക്കൊള്ളേണ്ടതാണെന്നും പരാമർശിച്ച് 28-4-2003-ൽ ആർബിട്രേഷൻ കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(എച്ച്) പിരിച്ചു വിട്ടിരുന്നില്ല.

(ഐ) ബാധകമല്ല.

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ജീവനക്കാർ

104 [5660] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ് ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യതാ നിർണ്ണയം, സ്റ്റാഫ് പാറ്റേൺ എന്നിവ സംബന്ധിച്ച ഏതെങ്കിലും ഫയൽ സർക്കാരിൽ തീർപ്പാകാതെയുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫയൽ ഇപ്പോൾ എത് അവസ്ഥയിൽ ആണെന്നും, എത്ര കാലമായി സർക്കാരിൽ തീർപ്പാകാതെയിരിക്കുകയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫയൽ എപ്പോൾ തീർപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഇക്കാര്യത്തിൽ 9-4-2003-ൽ ജി.ഒ.(പി) 94/03/സഹ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പരിയാരം സ്വാശ്രയ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനം

105 [5661] ശ്രീ. കെ. പി. രാജേന്ദ്രൻ:

ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം സ്വാശ്രയ മെഡിക്കൽ കോളേജിലെ 2003-04 അദ്ധ്യയന വർഷത്തിലെ വിദ്യാർത്ഥി പ്രവേശനം പൂർത്തിയായിട്ടുണ്ടോ;

(ബി) എത്ര വിദ്യാർത്ഥികൾക്ക് 2002-03 വർഷത്തിൽ പ്രവേശനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയ ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മെരിറ്റ് സീറ്റിലെ വിദ്യാർത്ഥികളുടെ ഫീസ് എത്രയാണ്; ഫീസിനു പുറമേ വിദ്യാർത്ഥികളിൽനിന്നും ഈടാക്കുന്ന മറ്റു ഫീസുകൾ എന്തൊക്കെയാണ്;

(ഇ) മാനേജ്മെന്റ് കാറ്റഗറിയിൽ (പേയ്മെന്റ്) ചേരുന്ന വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കാമോ; ഫീസിനു പുറമേ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്ന മറ്റ് ഫീസുകൾ, സംഭാവനകൾ, ഡെപോസിറ്റ്, തുടങ്ങിയ സംഖ്യ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ വർഷത്തെ അഡ്മിഷൻവഴി മൊത്തം പിരിച്ചുകിട്ടിയ സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ;

(ജി) എൻ.ആർ.ഐ. കാറ്റഗറിയിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഇവരിൽനിന്ന് ഈടാക്കിയ സംഖ്യ എത്ര;

(എച്ച്) പരിയാരം മെഡിക്കൽ കോളേജിന്റെ സ്വാശ്രയ പദവി സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; കേസിന്റെ ഏറ്റവും അവസാനത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly